[Hon'ble Mr. N. Kunjuraman].

നൽകിയിട്ടുണ്ട്. അതുപോലെതന്നെ പരീക്ഷ പാസ്സാകുന്നതിനു എത്ര തവണ വരെയാമെന്നു ക്ലിപ്തപ്പെടുത്തിക്കൊണ്ടു ചട്ടങ്ങൾ ഉള്ളടക്കുന്ന പിന്നോക്കസമുദായങ്ങളിലെ അംഗങ്ങളെ ഒഴിവാക്കാറുണ്ട്.

(സി) ഇല്ല.

കയർവ്യവസായം.

*354. MR. K. SARANGADHARAN (*Ambalapuzha II—General*): താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി പറയുമോ?

കയർകൊണ്ടുണ്ടാക്കുന്ന ഉൽപ്പന്നങ്ങളുടെ വ്യവസായമാന്ദ്യത്തിന്റെ ഹേതുക്കൾ അന്വേഷിച്ചറിഞ്ഞു് അതിനു വേണ്ടപരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിന് ഒരു വിദഗ്ദ്ധക്കമ്മിറ്റിയെ നിയമിക്കുന്നതിനു ഗവണ്മെന്റു് ആലോചിക്കുന്നുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : ഈ സംഗതികളെപ്പറ്റി അന്വേഷിക്കുന്നതിനു ഗവണ്മെന്റു് സ്മിത്തു കമ്മിറ്റി എന്ന ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ താൽക്കാലിക റിപ്പോർട്ടു് അടിസ്ഥാനപ്പെടുത്തി പരസ്പരസഹായസംഘങ്ങൾ സ്ഥാപിച്ചു കയർ ഫാക്ടറികൾ ഉണ്ടാക്കുന്നതിനുള്ള നടപടികൾ ഗവണ്മെന്റു് ആരംഭിച്ചു കഴിഞ്ഞു. ഉപവ്യവസായത്തിനും ട്രെയ്നിംഗ്, എക്സ്റ്റൻസിവ് കൃഷി മുതലായ ഡിപ്പാർട്ടുമെന്റുകളിലേക്കും ആവശ്യാനുസരണം ഇപ്പോൾ ഉപയോഗിച്ചുവരുന്ന ചണച്ചാക്കുകൾക്കു പകരം കയർ ചാക്കുകൾ ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി അതാതു ഡിപ്പാർട്ടുമെന്റു മേലധികാരികൾക്കു നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ഇംഗ്ലണ്ടു്, ആസ്ട്രേലിയാ, അർജന്റയിൻ മുതലായ വിദേശരാജ്യങ്ങളിലേക്കു് കയർ സാമാനങ്ങൾ കടത്തിക്കൊണ്ടുപോകുന്നതിനു നിലവിലിരിക്കുന്ന തടസ്സങ്ങൾ നീക്കിക്കിട്ടണമെന്നു കേന്ദ്രഗവണ്മെന്റിനോടു് അപേക്ഷിക്കുകയും അതിന്മേൽ നമുക്കു കുറെ വിജയം സിദ്ധിക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ നിവേദനഫലമായി കയറുസാമാനങ്ങളുടെ ഇറക്കുമതി ഇംഗ്ലണ്ടു് യുദ്ധത്തിനു മുൻപുണ്ടായിരുന്ന നിരക്കിലേക്കു് ഉയർത്തി തൽഫലമായി നമ്മുടെ കയറുമതി മുന്നാണ്ടു് ൩൦ ശതമാനമായിരുന്നതു് ഇപ്പോൾ ൧൦൦ ശതമാനമായി വർദ്ധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly